വികസന വകുപ്പ്, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമവികസന വകുപ്പ്, വനംവകുപ്പ്, ഭവന നിർമ്മാണ ബോർഡ് എന്നീ ഏജൻസികൾ സംപൂർണ്ണ ഭവന നിർമ്മാണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. കൂടാതെ 2000-2001, 2001-2002 എന്നീ വർഷങ്ങളിൽ കേരളാ സ്റ്റേറ്റ് വൈദ്യുതി ബോർഡിന്റെ ആഭിമുഖ്യത്തിൽ കോളനി വൈദ്യുതീകരണം, കെൽട്രാൺ, അനർട്ട് ഇവയുടെ ആഭിമുഖ്യത്തിൽ സൗരോർജ്ജ വിളക്കുകൾ നൽകൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സമ്പൂർണ്ണ ശുചിത്വ പദ്ധതി, സമ്പൂർണ്ണ കുടിവെള്ള പദ്ധതി, സമഗ്രകോളനി വൈദ്യുതീകരണ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനും സർക്കാർ ആലോചിച്ചുവരുന്നു.

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് ഫണ്ട്

7(910) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായക്ഷേമ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് ഏതെങ്കിലും ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര കോടി രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പിന്നോക്കസമുദായാംഗങ്ങളായ വിദ്യാർത്ഥികളുടെ പഠനത്തിനു വേണ്ടി അനുവദിച്ച ഫണ്ടിൽ നിന്ന് എത്രകോടി രൂപ ചെലവഴിച്ചുഎന്ന് വ്യക്തമാക്കാമോ ; ഈ ഫണ്ട് ലാപ്സായി പോകാതെ പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 100% കേന്ദ്ര സഹായത്തോടെ പോസ്റ്റ് മെട്രിക് തലത്തിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തിന് ഇതിനായി കേന്ദ്രം ഫണ്ട് ഒന്നും അനുവദിച്ചിട്ടില്ല.

(ബി) സംസ്ഥാന ഗവൺമെന്റ് ഫണ്ടിൽനിന്ന് പിന്നോക്ക സമുദായാംഗങ്ങളായ വിദ്യാർത്ഥികൾക്കും ഒ.ഇ.സിക്കും കൂടി പഠനത്തിന് വേണ്ടി അനുവദിച്ച/ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.† പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക കേന്ദ്ര ഗവൺമെന്റ് ഇതിനായി നൽകിയിട്ടുള്ള പദ്ധതി അംഗീകരിച്ചാൽ മാത്രമേ ചെലവഴിക്കാൻ കഴിയുകയുള്ളൂ.

പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ സാധനസാമഗ്രികൾ പർച്ചേസ് ചെയ്യുന്ന സമ്പ്രദായം

8(911) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ സാധനസാമഗ്രികൾ പർച്ചേസ് ചെയ്യുന്ന സമ്പ്രദായം അനുസരിച്ച് ഏത് രീതിയിലാണ് സാധനസാമഗ്രികൾ വാങ്ങുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) യഥാസമയം സാധനങ്ങൾ ലഭ്യമാക്കുന്നതിനും, ഗുണമേന്മ ഉറപ്പാക്കുന്നതിനും സെൻട്രലൈസ്ഡ് പർച്ചേസ് സമ്പ്രദായം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ഹോസ്റ്റൽ നടത്തിപ്പിന് ഭക്ഷ്യസാധനങ്ങൾ വാങ്ങിക്കുന്നതിനും മറ്റും അനുവദിക്കാറുള്ള തുക യഥാസമയം ലഭ്യമാക്കാത്തതിനാൽ ചുമതലക്കാരായ വാർഡൻമാർക്ക് അനുഭവപ്പെടാറുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ഇനത്തിൽ എത്രമാസത്തെ തുക കുടിശ്ശികയായി കൊടുക്കാനുണ്ട് ; വിശദമാക്കാമോ ;

(ഇ) ഇവ അടിയന്തരമായി കൊടുക്കുന്നതിനും തുക യഥാസമയം ലഭ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ, സാധനസാമഗ്രികൾ ഇവ സഹകരണ സ്ഥാപനങ്ങൾ, നീതിസ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ, ഹോർട്ടിക്കൾച്ചറൽ ഡവലപ്പമെന്റ് കോർപ്പറേഷന്റെ സ്ഥാപനങ്ങൾ, മത്സ്യഫെഡ് മുതലായ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നു. ഇവ നിലവിലില്ലാത്ത സ്ഥലങ്ങളിൽ മാത്രം പുറമേ നിന്നും വാങ്ങുന്നു. ഫർണിച്ചർ മുതലായ സാധനങ്ങൾ സിഡ്കോ, സമൃദ്ധികേന്ദ്രം, ഫോറസ്റ്റ് വുഡ് ഇൻഡസ്ട്രീസ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും മറ്റ് സാധനങ്ങൾ കഴിയുന്നത്ര സഹകരണ സ്ഥാപനങ്ങളിൽ നിന്നോ, സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ സ്റ്റോർ പർച്ചേസ് റൂൾ പ്രകാരവും വാങ്ങുന്നു.

(ബി) ഗുണമേന്മ നോക്കിയാണ് സാധനങ്ങൾ വാങ്ങുന്നത്. സെൻട്രലൈസ്ഡ് പർച്ചേസ് സമ്പ്രദായം പ്രായോഗികമല്ല.

(സി) ഹോസ്റ്റൽ നടത്തിപ്പിനുള്ള തുക യഥാസമയം വാർഡൻമാർക്ക് ലഭ്യമാക്കാറുണ്ട് എന്നാൽ ഫണ്ടിന്റെ കുറവുമൂലം ചില ഹോസ്റ്റലുകളിൽ ബുദ്ധിമുട്ടുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഈ സാമ്പത്തിക വർഷം ഡിസംബർ മുതലുള്ള മെസ് ചാർജ് ചില ഹോസ്റ്റലുകളിൽ കുടിശ്ശികയായിട്ടുണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly